©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE

# കേരള ഗസററ്

## EXTRAORDINARY

## അസാധാരണം

## PUBLISHED BY AUTHORITY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| Vol. II / വാല്യം 2 | Thiruvananthapuram, Thursday / തിരുവനന്തപുരം, വ്യാഴം | 10th January 2013 / 2013 ജനുവരി 10 / 20th Pousha 1934 / 1934 പൌഷം 20 | No. / നമ്പർ 91 |
|---|---|---|---|

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 3986/ലെഗ്. ബി2/2012/നിയമം. തിരുവനന്തപുരം, 2013 ജനുവരി 10 / 1934 പൌഷം 20.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2013 ജനുവരി 9-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

33/191/2013/DTP.

2013-ലെ 4-ാം ആക്റ്റ്

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ്

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് ഇതിന് ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മേയ് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ (2007-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (vii)-ാം ഖണ്ഡത്തിൽ, "ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനു മുമ്പോ" എന്ന വാക്കുകൾക്കുപകരം "ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിലോ അതിനു മുമ്പോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്ത ബാധിത പ്രദേശത്തെ സംബന്ധിച്ച്, സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീയതിക്കോ അതിന് മുമ്പോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2012-ലെ 40) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ്പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ്പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 3986/Leg. B2/2012/Law. *Dated, Thiruvananthapuram,* *10th January, 2013* / *20th Pousha, 1934.*

In pursuance of clause (3) of article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Farmers' Debt Relief Commission (Amendment) Act, 2012 (4 of 2013).

By order of the Governor,

C. K. PADMAKARAN,
*Special Secretary (Law).*

[Translation in English of "2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

**Act 4 of 2013**

# THE KERALA FARMERS' DEBT RELIEF COMMISSION (AMENDMENT) ACT, 2012

*An Act further to amend the Kerala Farmers' Debt Relief Commission Act, 2006.*

*Preamble.*—WHEREAS, it is expedient further to amend the Kerala Farmers' Debt Relief Commission Act, 2006 for the purposes hereinafter appearing;

BE it enacted in the Sixty-third Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Farmers' Debt Relief Commission (Amendment) Act, 2012.

(2) It shall be deemed to have come into force on the 26th day of May, 2012.

2. *Amendment of section 2.*—In the Kerala Farmers' Debt Relief Commission Act, 2006 (1 of 2007) (hereinafter referred to as the principal Act), in clause (vii) of section 2, for the words "on or before the commencement of this Act", the words "on or before the date of commencement of this Act or, in respect of any particular distress affected area in the State, on or before such date as the Government may, by notification in the Gazette, specify," shall be substituted.

3. *Repeal and saving.*—(1) The Kerala Farmers' Debt Relief Commission (Amendmend) Ordinance, 2012 (40 of 2012) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.